# ഗവ: എൽ.പി.എസ് ഫോർട്ട്

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

സമഗ്ര ഗുണമേന്മയെ ഊന്നിയുള്ള വിദ്യാഭ്യാസ പ്രക്രിയയിൽ അധ്യാപകർക്കും രക്ഷകർത്താക്കൾക്കും ഒരു പോലെ പങ്കുണ്ട്. ലഹരി വിമുക്ത, മാലിന്യ മുക്ത കേരളത്തിനായ് കുഞ്ഞുങ്ങളെ അണി നിരത്തണം. അവരെ ബോധവാന്മാരാക്കണം. കുട്ടികളുടെ എല്ലാ വികാസ മേഖലയ്ക്കും പ്രാധാന്യം നൽകി കൊണ്ട് കൃത്യമായ ആസൂത്രണത്തോടെ പഠ്യേതര സഹായത്തോടെ മുന്നോട്ട് പോയാൽ വളരെ മികവുറ്റൊരു അക്കാദമിക വർഷമായിരിക്കും കടന്നു പോകുന്നത്. അതിന് നാന്ദിയായ് നിലകൊള്ളുന്നത് ഓരോ സ്കൂളിന്റെയും മനസ്സറിഞ്ഞ അക്കാദമിക മാസ്റ്റർ പ്ലാനാണ്. അത്തരത്തിൽ ഒരു അക്കാദമിക മാസ്റ്റർ പ്ലാനാണ് ഗവ: മോഡൽ എൽ. പി. സ്കൂൾ തയ്യാറാക്കിയിരിക്കുന്നത്.

# ജീവനക്കാരെ തരം തിരിക്കൽ

| Name | Designation | Phone Number E-mail. | Qualification. |
|---|---|---|---|
| ഗിരിജ. എസ്. | ഹെഡ്മിസ്ട്രസ് | 8547350796 | MA, B.Ed. |
| അഞ്ജു. എ. | LPST | 8129254252. anjunandan2020@gmail.com. | MA, B.Ed. |
| സുപ്രിയ. പി. ആർ. | LPST | 9048145380 supriyapr21@gmail.com | BA, TTC. |
| അനിത. വി | പി.പി ടീച്ചർ | 98472005250. anithaanil20116@gmail.com | TTC |
| ശ്രീജയ. എസ്. | പ്രീ-പ്രൈമറി ടീച്ചർ. | 9349121497. | BA. |
| സിന്ധു. എസ്. | പ്രീ-പ്രൈമറി ആയ. | 9526067575. | SSLC. |
| ശോഭന ഭായി തങ്കച്ചി | PTCM | 9447842014. | |
| ഷീല. | Cook. | 9526070823. | |

# ആകെ കുട്ടികൾ

| Standard | Number of boys | Number of girls. | Total. |
|---|---|---|---|
| I | 6 | 2 | 8 |
| II | 5 | 3 | 8 |
| III | 9 | 1 | 10 |
| IV | 12 | 5 | 17 |
| Pre-Primary. | 4 | 4 | 8 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സ്റ്റാൻഡേർഡ് - I

ആമുഖം.

2025-26 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും, തുല്യത, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ മാർഗരേഖ.

കുട്ടികളിൽ പഠനവിടവുണ്ടാകാതെയുള്ള പ്രവർത്തനങ്ങൾ നൽകുക. പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, അക്ഷരങ്ങൾ തിരിച്ചറിയുക, അക്കങ്ങൾ തിരിച്ചറിയുക, വാക്കുകൾ വായിക്കുക, വാക്കുകളിൽ നിന്ന് വാക്യങ്ങളിലേക്ക് സുഗമമായ വായന, ഒഴുക്കോടെ സ്വതന്ത്ര വായന നടത്തുവാനും കൃത്യമായ സന്ദർഭങ്ങളിൽ ഭാഷാശേഷി പ്രയോഗിക്കാനും പ്രാപ്തി നേടുക.

കുട്ടികളിൽ സാമൂഹ്യമായ വിടവ് ഇല്ലാതെ പുതിയ സാഹചര്യങ്ങളിൽ സംഘ പ്രവർത്തനങ്ങൾ കളികൾ എന്നിവയിലൂടെ സാമൂഹികാവബോധം, തുല്യബോധം, സംഘബോധം, പങ്കിടൽ എന്നീ അറിവുകൾ നേടുക.

ബാല സാഹിത്യകൃതികൾ വായിച്ചാസ്വദിക്കുന്നതിനും ഗണിതാശയങ്ങൾ, ഗണിതക്രിയകൾ എന്നിവയിൽ ശേഷി നേടുന്നതിനും പ്രകൃതിയെയും സഹജീവികളെയും സ്നേഹിക്കുന്നതിനും ജീവിതമാണ് ലഹരി എന്ന ആശയം ഉൾക്കൊള്ളുന്നതിനും ഉതകുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| • കുട്ടികളുടെ ഭാഷാപരവും, വൈജ്ഞാനികവും, സാമൂഹികവും സർഗാത്മകവുമായ കഴിവുകളുടെ വികാസം.<br>• കുട്ടികളുടെ ശേഷീവികാസം ഉറപ്പാക്കൽ. | • ഒന്നൊരുക്കം.<br>• കഥ<br>• പാട്ട്<br>• കളികൾ<br>• പരീക്ഷണങ്ങൾ<br>• അഭിനയം,<br>• ചിത്രരചന<br>• കരകൗശല പ്രവർത്തനങ്ങൾ. | June - 8<br>10<br>June - 16 | SSK<br>PTA. |
| • ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന പഠനലക്ഷ്യങ്ങൾ കൈവരിക്കാൻ രക്ഷിതാക്കളെ സജ്ജരാക്കൽ. | • ക്ലാസ്റൂം പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ബോധ്യപ്പെടുത്തുന്നു.<br>• കുട്ടികളെ പഠനപ്രവർത്തനങ്ങളിൽ വിവിധ രീതികളിൽ സഹായിക്കണമെന്ന് നിർദ്ദേശിക്കുന്നു.<br>• രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ, സംശയങ്ങൾ എന്നിവ ശേഖരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നു.<br>• ക്ലാസ് പിടിഎ കൃത്യമായി കൂടുന്നതിനും എല്ലാ രക്ഷിതാക്കളും പങ്കെടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നു. | June - March. | PTA |

| | | | |
|---|---|---|---|
| ഭാഷാവികാസം<br>ഒന്നാം ക്ലാസിലെ കുട്ടികളിൽ പഠനലക്ഷ്യങ്ങൾ നേടുകയും തെറ്റില്ലാതെ ഭാഷയിൽ അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള കഴിവുകൾ നേടുന്നു. | • തനതാക്കം പ്രവർത്തനങ്ങൾ<br>• കൂട്ടെഴുത്ത്.<br>• എന്റെ പാഠാവലി വായനയിലെ പ്രവർത്തനങ്ങളിലൂടെ കഴിവുകൾ നേടിയെടുക്കുന്നു. | June 3 - June 16.<br>June - March. | |
| • പാഠഭാഗവുമായി ബന്ധപ്പെട്ട സംഭാഷണങ്ങൾ ചാർട്ടിൽ എഴുതി അവതരിപ്പിക്കൽ. | • സംഭാഷണ പരിചയം ഉണ്ടാക്കിയെടുത്തുകൊണ്ടുള്ള ചാർട്ടുകൾ അവതരിപ്പിക്കുന്നു. | June. | |
| • ചെറുവാക്യങ്ങൾ വായിക്കാൻ കഴിവ് നേടുന്നു.<br>• സ്വതന്ത്രവായനാ ലോകത്തേക്ക് എത്തിക്കുന്നു. | വായനാവസന്തം.<br>• പുസ്തകങ്ങൾ പരിചയപ്പെടാം<br>• ചിത്രം നോക്കി കഥ പറയാം.<br>• അക്ഷരങ്ങൾ കണ്ടെത്താം<br>• വാക്കുകൾ കണ്ടെത്താം.<br>• കുട്ടികൾക്ക് വായിക്കാം.<br>• ക്ലാസ് ലൈബ്രറി ക്രമീകരിക്കാം.<br>• രക്ഷിതാക്കളെ സഹായികളാക്കാം. | June - 16 മുതൽ. | |

| | | | |
|---|---|---|---|
| സംയുക്ത വായന.<br>രക്ഷാകർത്താവും കുട്ടിയും കൂടി അവതരണം.<br>രക്ഷിതാവ് വായിച്ചു കേൾപ്പിച്ച കഥകൾ കുട്ടികൾ അർത്ഥ ചോർച്ച ഇല്ലാതെ അവതരിപ്പിക്കുന്നു. | സംയുക്തവായന.<br>രക്ഷിതാവും കുട്ടിയും ചേർന്ന് വായിച്ച പുസ്തകങ്ങളുടെ ഉള്ളടക്കം അവതരിപ്പിക്കൽ Class PTA.<br>• ഓൺലൈൻ വായനോത്സവം.<br>അധ്യാപകൻ വായനാ സാമഗ്രി നൽകുന്ന ലിങ്കുകളോടൊപ്പം ICT സഹായത്തോടെ വായനാസാമഗ്രികൾ നൽകുന്നു.<br>• ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കി (Class Library) കൂട്ട് വായന, വ്യക്തിഗത വായന എന്നിവ സാധ്യമാക്കുന്നു.<br>• ബാലസഭയിൽ കഥ പറച്ചിൽ കവിത ചൊല്ലൽ എന്നിവക്ക് അവസരം. | June മുതൽ. | |
| <u>ഗണിതം</u><br>കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | • പഠനോപകരണങ്ങളുടെ നിർമ്മാണം.<br>• ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | ജൂൺ മുതൽ ഫെബ്രുവരി വരെ<br>,, | അധ്യാപിക രക്ഷിതാക്കൾ കുട്ടികൾ.<br>,, |

| | | | |
|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ. | • കുസൃതി കണക്കുകളും പസിലുകളും പാഠഭാഗങ്ങളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന്. | Teacher കുട്ടികൾ |
| **ഇംഗ്ലീഷ്**<br>• ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനും പറയാനും അവസരം ഒരുക്കൽ. | • Let's talk .....<br>കാർട്ടൂണുകൾ, skit ഇവയിലൂടെ പ്രദർശനം. | ആഴ്ചയിൽ ഒന്ന്. | Tr. കുട്ടികൾ |
| | • Let's walk...<br>സ്കൂൾ പരിസരത്തിൽ കൂടി നടന്നു ചെറിയ skit ചെയ്തും ഇംഗ്ലീഷ് സംസാരിക്കാൻ അവസരം. | മാസത്തിൽ ഒന്ന്. | Tr. കുട്ടികൾ |
| | • Spelling Test. | ആഴ്ചയിൽ ഒന്ന് | Tr. കുട്ടികൾ. |
| **പരിസര പഠനം.**<br>• ആഹാര ശീലങ്ങളും ഭക്ഷ്യ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ.<br>• പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | • ഭക്ഷ്യമേള (നാടൻ വിഭവങ്ങൾ)<br>• പച്ചക്കറിത്തോട്ടം. | ജൂലൈ ആഗസ്റ്റ്. | Tr. രക്ഷിതാക്കൾ കുട്ടികൾ |
| | • പ്രകൃതി നടത്തം.<br>• പുഷ്പോദ്യാനം, പച്ചക്കറിത്തോട്ടം. | ജൂൺ മാർച്ച്. | Tr. കുട്ടികൾ. |

# അക്കാദമിക മാസ്റ്റർ പ്ലാൻ

മലയാളം
ക്ലാസ് : II

കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനികമേഖല, സർഗാത്മക മേഖല, വൈകാരികമേഖല എന്നീ മേഖലയിൽ കുട്ടിയുടെ കുട്ടിയുടെ ശേഷി പരിശോധിച്ചാണ് മാസ്റ്റർ പ്ലാൻ തയാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി എല്ലാ- കുട്ടിയും എല്ലാതലങ്ങളിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടേയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം കഥ, എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും, ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

മുന്നൊരുക്കം.

* പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലത്തിലുമുള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാമാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും, പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ഊന്നൽ

* ചിത്രകാർഡുകൾ നൽകൽ
(ചിത്രവും പദവും ഉൾക്കൊണ്ട് )
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും, എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയും, എഴുത്തിന്റേയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്ത്

* ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം.

സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥകൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
* വിവിധ തലത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കൽ കൊടുക്കുന്നു.

ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും, എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
* ലഘു വിവരണങ്ങൾ.
പ്രത്യേകതകൾ എഴുതുന്നതിനും, വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പു വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

മാർച്ച്

* വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക തയാറാക്കൽ.
* വീട്ടുവായന, കൂട്ടുവായന, ചിത്രവായന, അമ്മ വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം

ക്ലാസ് : II

പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും, ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100-ൽ താഴെ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ കഴിയുന്ന മേഖലയിൽ എത്തിച്ചേരൽ.
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

മുന്നൊരുക്കം.

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

ജൂൺ

1, 2, 3, 4, 5, ........

1, 3, 5, 7, 9, . . . . .

10, 20, 30, 40, ........
5, 10, 15, 20, ........
2, 4, 6, 8, 10, ....... തുടങ്ങിയ പാറ്റേണുകളിലെ
സംഖ്യാബോധം കണ്ടെത്തൽ.
* ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ
കുട്ടിലെ
* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
* ഗണിത കിറ്റ് എല്ലാ കുട്ടികളിലും എത്തിക്കൽ.
* പത്തിന്റെയും, ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.
(5+5 = 10, 10+10 = 20)

ആഗസ്റ്റ്
* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
* 99- നോട് 1 കൂട്ടിയാൽ 100.
* 10 പത്തുകൾ ചേർന്നാൽ 100 ആകും.
* 10 ഒന്നുകൾ ചേർന്നതാണ് 100
* ഓരോ സംഖ്യകളേയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂട്ടൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

സെപ്തംബർ
* ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
* വില വിവര പട്ടിക തയാറാക്കൽ.

ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ

പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉന്നയിക്കൽ.

5, 10, 15, 20, 25 ....

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം.)

നവംബർ

* സ്ഥാനവില തിരിച്ചറിയൽ, (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ ഉണ്ടാക്കുന്നു. സംഖ്യ എഴുതൽ.
* ക്ലാസിലൊരു കളിക്കട പ്രശ്നം നിർധാരണം ചെയ്യൽ.
* നോട്ടുകളും, നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.

10 രൂപ + 5 രൂപ = 15 രൂപ.

(നോട്ട്, നാണയം)

ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉപയോഗ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ.
* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

* വില വിവര പട്ടിക തയാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ. പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ.
* സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

ഫെബ്രുവരി.

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
* 'ഉല്ലാസഗണിതം' materials പ്രയോഗിച്ച് ഗണിത-പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളികളിലൂടെ ഉറപ്പാക്കി വിജയം കൈവരിക്കൽ.

മാർച്ച്.

* കലണ്ടർ പതിപ്പ് തയാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും തിരിച്ചറിവ്.
* മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
* കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാകാൻ കഴിയുക.

# Academic master Plan

English
Std : II

Aim : To Speak, Read, write English without any mistakes.

Time : June, July, August

June

Pretest

To develop listening Skills and reading Skills first

Listening Skills

Games, Action Songs

Activities, conversations, Skit, Stories

use ICT

Speaking Skills

Descriptions, growing Sentences, Picture reading, Picture description, Self introduction, Assembly activities speech, book review, riddles.

July

Reading Skills

News paper reading

Library book reading

Book review

Reading breaking news

Find words

Text book activites.

August, September, october.

Writing Skills

Make word web

Picture description

Sentence chain

Make words Sentence chain.

Make words and Sentences make riddles

conversations

Add more lines

Develop Story description

Diary.

Date: | Expt: | Page No:

ക്ലാസ് : II

മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ

ഉദ്ദേശ്യം :

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

കാലയളവ്

ജൂൺ മുതൽ മാർച്ച് വരെ.

ലക്ഷ്യങ്ങൾ :

* ശബ്ദശേഖരം (Vocabulary) വർധിപ്പിക്കൽ
* എഴുത്ത്, വായന, സംസാരശേഷി വർധിപ്പിക്കൽ

ജൂൺ - ജൂലൈ

* Pre-test.
* നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർധിപ്പിക്കുക.

Activities.

* ഭാഷാ ഗെയിമുകൾ
* ഭാവാത്മക വായന.
* കഥ പറയൽ.
* ICT ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ.

Date: | Expt: | Page No:

സംസാരശേഷി.

* ചിത്ര വായന.
* കടങ്കഥകൾ, പഴഞ്ചൊല്ല്, ശേഖരണം, ഇവ അവതരണം.
* അനുഭവ വിവരണം.
* ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുക.
* ചിത്ര വിവരണം.

ഓഗസ്റ്റ് - സെപ്തംബർ

ലക്ഷ്യം:

സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക.

വായനശേഷി:

* കഥാ പുസ്തകങ്ങൾ വായിക്കുക
* വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക.
* പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ.

എഴുത്ത്:

* വാക്കുകളുടെ വെബ് നിർമിക്കുക.
* ചിത്ര വിവരണം.
* വാക്കുകളും വാക്യങ്ങളും നിർമിക്കുക.

Date: Expt: Page No:

ക്ലാസ്: III

ഉപമേഖല: പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തൽ | ദിനാചരണം അവതരണം ലഘു പരീക്ഷണങ്ങൾ, ദിനങ്ങളുമായി ബന്ധപ്പെട്ട തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ | |
| പ്രകൃതി വിഭവ സംരക്ഷണം. | ജൈവ- വൈവിധ്യ പാർക്ക്. ഔഷധത്തോട്ട നിർമ്മാണം, ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. | ജൂലൈ ഡിസംബർ | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണ വീഡിയോകളും. ശാസ്ത്ര മാസികകൾ | ജനുവരി ഫെബ്രുവരി മാർച്ച് | ക്ലാസ് ടീച്ചർ | |

Date: Expt: Page No:

| | |
|---|---|
| സെപ്റ്റംബർ | * ശുചിത്വ poster നിർമ്മാണം<br>* സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>* ആരോഗ്യ സേവപ്രവർത്ത- കരെ സന്ദർശനം.<br>* Interview - ആരോഗ്യ പ്രവർത്തകർ |
| ഒക്ടോബർ | ഫീൽഡ് ട്രിപ്പ് (പാടം, പച്ചക്കറി fms.)<br>food festival<br>* സ്കൂൾ പച്ചക്കറി തോട്ടം ഒരുക്കൽ<br>* ശരിയായ ഭക്ഷണശീലം (Poster) |
| നവംബർ | * ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>* റോൾ പ്ലേ - റോഡ് നിയമങ്ങൾ<br>* First aid kit തയ്യാറാക്കൽ<br>* |
| ഡിസംബർ | പരീക്ഷണങ്ങൾ<br>(നിരീക്ഷണ പ്രവർത്തന globe, ICT)<br>* ഗ്ലോബ് നിർമ്മാണം.<br>* ദേശീയ പതാക വരയ്ക്കൽ<br>* ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ. |

Date: Expt:

| | |
|---|---|
| ജനുവരി ഫെബ്രുവരി | ജീവിതങ്ങളുടെ കരുതുകൾ ചിന്ത ശേഖരണം<br>* വ്യത്യസ്തമായ വീടുകൾ (ഭവനം)<br>* വീട് നിൽക്കുന്ന ഇടം സന്ദർശനം.<br>* വ്യത്യസ്ത ജോലികൾ Survey.<br>* Interviews, field visit പൊതുസ്ഥാപനം. |
| March | പഠനോത്സവം. |

Date: | Expt: | Page No:

ക്ലാസ് : III
വിഷയം: ഗണിതം.

ലക്ഷ്യം: 1

നിത്യജീവിതത്തിലെ വിവിധ സന്ദർഭങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു, തരം തിരിക്കുന്നു. നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതിയുടെ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു. നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു. യുക്തി സമർത്ഥിക്കുന്നു. പാറ്റേണുകൾ വരയ്ക്കുന്നു.

| Sl. No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | പ്രവേശനോത്സവം.<br>• വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം. രൂപങ്ങൾ തിരിച്ചറിയൽ പ്രത്യേകതകൾ മനസ്സിലാക്കൽ<br>• ഗണിത രൂപങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം. | ജൂൺ |

Date: | Expt: | Page No:

- തോണി നിർമ്മാണം രൂപങ്ങൾ കണ്ടെത്തൽ
- ഗണിത രൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ
- ഗണിത രൂപ പതിപ്പ് തയ്യാറാക്കൽ
- ചിത്ര പാറ്റേണുകൾ പരിചയപ്പെടൽ.
- വെജിറ്റബിൾ പ്രിന്റിംഗ് തയ്യാറാക്കൽ.
- തീപ്പെട്ടി കൂട് ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം.

ലക്ഷ്യം:

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും സംഖ്യകൾ പറയുക, 1 മുതൽ 2000 വരെയുള്ള വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക.

| Sl. No | പ്രവർത്തനം. | കാലയളവ്. |
|---|---|---|
| | കളം നിറയ്ക്കാം. 1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനക്കളത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക. | ജൂലായ് |

Date: | Expt: | Page No:

| | | |
|---|---|---|
| 2 | നാരുകളെടുക്കാം.<br>- സംഖ്യകൾ എഴുതിയ നാരുകൾ കുട്ടികൾക്ക് നൽകുന്നു.<br>- കിട്ടിയ സംഖ്യ വായിക്കാം<br>- മറ്റുള്ളവർ സംഖ്യ എഴുതുന്നു | [illegible]. |
| 3 | 10 ചങ്ങാതിമാർ<br>- സംഖ്യ നാരുകൾ എടുക്കുന്നു.<br>- കിട്ടിയ നാരുകളിലെ സംഖ്യ വഴി ക്രമത്തിൽ തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | [illegible] |
| 4. | പാറ്റേൺ പൂർത്തിയാക്കാം.<br>വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. | [illegible] - [illegible]. |
| 5. | ക്രമത്തിലാക്കാം.<br>വ്യത്യസ്ത സംഖ്യകൾ നൽകുന്നു. ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. | [illegible] - [illegible]. |

ലക്ഷ്യം.

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| | | |
|---|---|---|
| 1 | കൂട്ടങ്ങളാക്കാം.<br>- ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം. | [illegible] |

Date: Expt: Page No:

| | | |
|---|---|---|
| | - കളി നോട്ട്, 1, 10, 100, 1000, 2000 ന്റെ കളിനോട്ടുകളാണ് മാതൃക. | |
| 2 | സംഖ്യാ സൂര്യൻ<br>- ഓരോ കുട്ടിക്കും ഒരു നാലക്ക സംഖ്യ ബോർഡിൽ എഴുതാം.<br>- ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറി എഴുതുന്നു.<br>ക്രമീകരിക്കാം.<br>അബാക്കസ് നിർമ്മാണം<br>- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം. | 2 [illegible]<br>[illegible] |

ലക്ഷ്യം: 3.

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രോ ബോധിത പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ, അവസരം ഒരുക്കൽ.

| | | |
|---|---|---|
| 1 | ക്ലാസിൽ ഒരു കട (കുഞ്ഞുകട) കച്ചവട കണക്ക്. | [illegible] |

Date: Expt: Page No:

→ കുട്ടികളുടെ ബാഗ്, പേന, പെൻസിൽ
വെള്ളം, അരി etc. അവയ്ക്ക് വില
നൽകി കട ക്രമീകരിക്കുന്നു.

- ത്രാസ്, അളവു പാത്രങ്ങൾ
ക്രമീകരിക്കുന്നു.
- ആവശ്യമുള്ളവ അളന്ന് എടുത്ത്
കളി നോട്ട് ഉപയോഗപ്പെടുത്തി
കച്ചവടക്കളി ഒരുക്കുന്നു.
കടക്കാരനും, കസ്റ്റമറും കുട്ടികൾ.
- സാധനം വാങ്ങുകയും പണം
(കളി നോട്ട്) കൈമാറ്റം
ചെയ്യുകയും ചെയ്യുന്നു.
- പ്രശ്നങ്ങൾ അധ്യാപകന്റെ
സഹായത്തോടെ പരിഹരിക്കുന്നു.

2. സമയചക്രം.

- ക്ലോക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച്
സമയ ചക്രം തയ്യാറാക്കുന്നു. ജിത്തരെ

- സമയവുമായി ബന്ധപ്പെട്ട പ്രാ-
യോഗിക പ്രശ്ന പരിഹാരത്തിന്
ഉപയോഗപ്പെടുത്തുന്നു.

ലക്ഷ്യം.

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| | | |
|---|---|---|
| | സംഖ്യാചക്രം | |
| 1 | സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു. അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ഇതളിലെ മാർക്ക് |
| 2 | ഭാഗ്യവാനെ കണ്ടെത്താം.<br>അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- ക്രിയ ചെയ്യാം<br>- ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ഇതളിലെ ചോദ്യാവലി |
| 3 | ജോഡി കണ്ടെത്താം.<br>- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>- കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം<br>- കുട്ടികൾക്ക് കിട്ടിയ സംഖ്യ, ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ഒട്ടിക്കുക. | ഓറഞ്ച് ചോദ്യാവലി |

Date: | Expt: | Page No:

Std: III

English. Master Plan

Aim:

To speak, Read & Write English without any mistakes

Time: – June to March.

To check the Vocabulary and Writing Skills of Pupils.

Activities

June and July.

Pre-test

To develop listening skills and reading Skills.

Date: Expt: Page No:

Listening Skills.

Games, Action Songs.

- Hello English Activities
- Conversations.
- Skit Stories.
- Use ICT

Speaking Skills.

- Identify the action words from the Picture.

Make the Simple Sentences Using the Word about Picture.

Make Simple description about the Picture.

- Growing Sentences, Picture reading Self introductions.

August and September.

- Develop the Creative Speaking and Writing.

Date: Expt: Page No:

Reading Skills

Books reading.
Find words.
Collect and read past tense.
Rhyming words.
TB Activities.

Writing Skills

Make word web.
Picture description.

Word chain.
Make words of Sentences.
Make riddles, Conversations
Add more lines.

October and November.

To express thoughts, feelings etc.

Reading Skills.

- Library book reading.

Date: | Expt: | Page No:

February and March.

To improve the Presentation Power.

Reading Skills.

Library books reading.
Conversations, Skit Stories.
Develop Story.

Writing Skills.

- Diary.
- Descriptions.
- Thoughts.
- Exibition.

Our School Innovative work

News Paper Craft.

# ആമുഖം

നാം എന്നും കാണുന്ന ഒന്നാണല്ലോ ദിന പത്രം. ദിന പത്രം നമുക്ക് നിത്യവും ഈ ലോകത്ത് നടക്കുന്ന സംഭവങ്ങളെ കുറിച്ച് ഒരു അറിവ് പകർന്നു നൽകുന്നു. ഈ അക്ഷരങ്ങൾ അച്ചടിച്ചു വരുന്ന പത്ര താളുകൾ എവിടെ നിന്നാണ് വരുന്നത്? എങ്ങനെയാണ് ഇവ നിർമിക്കുന്നത്? മരത്തടികൾ എന്നു മാത്രമാണ് നാം ഇതിനായ് ഉപയോഗിക്കുന്നത്? ആ പേപ്പറുകളല്ലേ നാം വലിച്ചെറിയുന്നത്?

പേപ്പറുകൾ വലിച്ചെറിയാതിരിക്കണം. ഇവ പുനരുപയോഗിക്കണം. ഈ ചിന്തയാണ് നമ്മുടെ സ്കൂളിനെ ന്യൂസ് പേപ്പർ ക്രാഫ്റ്റ് എന്ന ആശയത്തിലേക്ക് നയിച്ചത്. വെറുതെ വലിച്ചെറിയുന്ന പേപ്പറുകൾ നമുക്ക് അലങ്കാര വസ്തുക്കളും നിത്യോപയോഗ വസ്തുക്കളുമാക്കി മാറ്റാം. സമൂഹത്തിന് ഒരു മാതൃകയായ് മാറാം.

| ലക്ഷ്യം. | പ്രവർത്തനം. | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിന പത്രങ്ങൾ എങ്ങനെയാണ് തയ്യാറാകുന്നത് | പ്രവർത്തനം-1. SRG യിൽ വിഷയാവതരണം. | മെയ് അവസാനം. | | |
| അതിനാവശ്യമായ പേപ്പർ എവിടെ നിന്ന് ലഭിക്കുന്നു. | PTA യിൽ വിഷയാവതരണം. | ജൂൺ -3. | HM. | |
| നാം നിരന്തരം ഉപയോഗിക്കുന്ന പേപ്പറുകൾ മരങ്ങളിൽ നിന്നാണ് നിർമ്മിക്കുന്നത്. | പരിസ്ഥിതി ദിനാചരണവും ന്യൂസ് പേപ്പർ നിർമ്മാണത്തിന്റെ വഴികളും. | ജൂൺ -5. | SRG. | |
| അവ നാം വലിച്ചെറിയാതെ സൂക്ഷിക്കണം. ന്യൂസ് പേപ്പറുകളുടെ പുനരുപയോഗവും പ്രകൃതി സംരക്ഷണവും. | പരിസ്ഥിതി ദിനത്തിൽ മരങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നു. | | Teachers | PTA |
| | ന്യൂസ് പേപ്പർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പ്രൊജക്ടറിൽ പ്രദർശിപ്പിക്കുന്നു | ജൂൺ ഒന്നാം വാരം മുതൽ | PTA. | |
| | വിവര ശേഖരണം. ന്യൂസ് പേപ്പർ/ പേപ്പർ നിർമ്മാണ ഘട്ടത്തിന്റെ ചിത്രങ്ങൾ/ വിവരങ്ങൾ എന്നിവയുടെ ശേഖരണം. | ജൂൺ രണ്ടാം വാരം മുതൽ | Students | |

| ലക്ഷ്യം | പ്രവർത്തനം. | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| | **ന്യൂസ് പേപ്പർ സമാഹരണം.** സ്കൂളിൽ എത്തിച്ചേരുന്ന ന്യൂസ് പേപ്പറുകളുടെയും മറ്റു സ്ഥലങ്ങളിൽ നിന്നുള്ള പേപ്പറുകളുടെ ശേഖരണം | ജൂൺ രണ്ടാം വാരം മുതൽ. | HM SRG. PTA. All Teachers | PTA. |
| | **അലങ്കാര വസ്തുക്കളുടെ നിർമാണം.** ന്യൂസ് പേപ്പറുകൾ ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ നിർമിക്കുന്നു. | ജൂൺ രണ്ടാം വാരം മുതൽ ജനുവരി വരെ. | | |
| | **പ്രദർശനം. Exhibition.** നിർമിച്ച അലങ്കാര വസ്തുക്കൾ PTA യുടെ സഹായത്തോടെ പ്രദർശിപ്പിക്കുകയും വിൽപന നടത്തുകയും ചെയ്യുന്നു. | ഫെബ്രുവരി. | | |
| | **ഡോക്യുമെന്റേഷൻ.** നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ സമാഹരിക്കുകയും പേപ്പറുകൾ പാഴാക്കാതെ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചുള്ള സന്ദേശവും ഉൾപ്പെടുത്തി ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നു. | മാർച്ച്. | | |

# ദീർഘകാല/നവീകരണ പദ്ധതികൾ

- E-cube English പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് കൂടുതൽ കമ്പ്യൂട്ടർ സിസ്റ്റംസ് സജ്ജീകരിക്കുക.
- സ്കൂൾ ചുറ്റുമതിൽ പുനർനിർമാണം.
- അപകട ഭീഷണി ഉയർത്തുന്ന മരങ്ങൾ വെട്ടി മാറ്റുക.
- ലാബ്, ഓഫീസ് റൂം എന്നിവ വരുന്ന ഒരു ബഹു നില കെട്ടിടം
- കമ്പ്യൂട്ടർ ലാബ് നവീകരണം.
- മികച്ച ഒരു പാർക്ക്